P.R. No. 112/2026 Thrissur, 10/06/2026

## പത്രക്കുറിപ്പ്

# അഖിലേന്ത്യ അന്തർ സർവകലാശാല കായിക മത്സരങ്ങളിൽ നേട്ടവുമായി ആരോഗ്യ സർവകലാശാല

തൃശ്ശൂർ: ജൂൺ 3 മുതൽ 8 വരെ ചെന്നൈയിലെ ഹിന്ദുസ്ഥാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് സയൻസസിൽ നടന്ന അഖിലേന്ത്യ അന്തർ സർവകലാശാല പവർലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പ് 2025-26 ൽ കേരള ആരോഗ്യശാസ്ത്ര സർവകലാശാലയെ (KUHS) പ്രതിനിധീകരിച്ച് പങ്കെടുത്ത കോഴിക്കോട് ഗവൺമെന്റ് നഴ്സിംഗ് കോളേജിലെ നാലാം സെമസ്റ്റർ ബി.എസ്.സി നഴ്സിംഗ് വിദ്യാർഥിനി അഞ്ജന കൃഷ്ണ വി.കെ വനിതകളുടെ 47 കിലോഗ്രാം വിഭാഗത്തിൽ വെങ്കല മെഡൽ നേടി. പിതാവായ അനിൽകുമാറാണ് അഞ്ജനയുടെ പരിശീലകൻ.

പഞ്ചാബിലെ ജലന്ധറിലുള്ള ഡിഎവി യൂണിവേഴ്സിറ്റിയിൽ വച്ച് നടന്ന അഖിലേന്ത്യാ അന്തർ സർവ്വകലാശാല ഇന്റർയൂണിവേഴ്സിറ്റി തായ്ക്വോണ്ടോ (പുരുഷ) ചാമ്പ്യൻഷിപ്പ് 2025-26 ൽ ആരോഗ്യശാസ്ത്ര സർവകലാശാലയെ (KUHS) പ്രതിനിധീകരിച്ച് പങ്കെടുത്ത ശ്രീ ആഞ്ജനേയ കോളേജ് ഓഫ് പാരാമെഡിക്കൽ സയൻസസ് ,കോഴിക്കോട് , ബി.പി.ടി. രണ്ടാം വർഷ വിദ്യാർത്ഥിയായ തേജസ് പി വെങ്കലമെഡൽ നേടിയിരുന്നു. തായ് ക്വോണ്ടോ ചാമ്പ്യൻഷിപ്പിൽ മെൻസ് പൂംസേ വിഭാഗത്തിലാണ് തേജസ് നേട്ടം കൈവരിച്ചത്.

Sd/

Registrar